**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 890** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അഷ്ടമുടിക്കായലിന്റെ മാലിന്യ നിർമ്മാർജനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എം. നസീർ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** 2021-26 കാലയളവിൽ അഷ്ടമുടിക്കായലിന്റെ മാലിന്യനിർമ്മാർജനത്തിനും ജലഗുണനിലവാര സംരക്ഷണത്തിനുമായി ചെലവഴിച്ച തുക എത്രയെന്ന് വർഷം, വകുപ്പ്, പദ്ധതി എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2021-26 കാലയളവിൽ അഷ്ടമുടി കായലിന്റെ മാലിന്യ നിർമ്മാർജനത്തിനും ജലഗുണനിലവാര സംരക്ഷണത്തിനുമായി ജലവിഭവ വകുപ്പിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

2024 ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൊല്ലം ജില്ലാ കാര്യാലയത്തിൽ നിന്നും ബഹു. NGT കേസ് OA 147/2022 മായി ബന്ധപ്പെട്ട് ഫീൽഡ് സർവ്വേയും ഇൻക്ഷൻ പ്രോഗ്രാമും സംഘടിപ്പിച്ച വകയിൽ 58,650/- രൂപ ചെലവായിട്ടുണ്ട്.

**(ബി)** പ്രസ്തുത കാലയളവിൽ കായലിൽ നിന്നും നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് എത്രയെന്നും അതിന്റെ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത കാലയളവിൽ അഷ്ടമുടി കായലിൽ നിന്നും മാലിന്യം നീക്കം ചെയ്തിട്ടില്ല.

**(സി)** കായലിൽ മാലിന്യം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ, ഈടാക്കിയ പിഴ, സ്വീകരിച്ച നിയമനടപടികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** കായലിൽ മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതിപ്പെടുകയും, നിക്ഷേപിച്ചവരെ കണ്ടെത്തി നോട്ടീസ് നൽകുകയും, മാലിന്യം നീക്കം ചെയ്ത് കായൽ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള നടപടികൾ ഫീൽഡ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**